# അക്കാദമിക മാസ്റ്റർ പ്ലാൻ

2025- 2026

## കാവുന്താഴ എൽ.പി.സ്കൂൾ

## ആമുഖം

വിസ്തൃതമായ വയലുകളും തോടുകളും നിറഞ്ഞ പ്രകൃതി രമണീയമായ കുഗ്രാമമായ കാവുന്താഴ ഗ്രാമത്തിലെ ഏക പൊതു വിദ്യാലയമാണ് കാവുന്താഴ എൽ പി സ്കൂൾ. ഈ പ്രദേശത്തെ ജനങ്ങൾ ഏറിയകൂറും കാർഷിക വൃത്തിയിൽ ഏർപ്പെട്ട വ രാണ്.

ദരിദ്രനും പുരോഗമനാശയക്കാരനും ദൃഢഗാത്രനുമായ ശ്രീ കണാരൻ ഗുരുക്കളുടെ കഠിന പ്രയത്നത്താലാണ്ഈ വിദ്യാ ലയം സ്ഥാപിതമായത്. 1924ൽ തന്റെ കൊച്ചു വീട്ടിൽ ഒരു കുടിപ്പള്ളിക്കൂടമായിട്ടാണ് ഈ വിദ്യാലയം ആരംഭിച്ചത്. വിദ്യാർത്ഥി കൾക്കാവശ്യമായ എല്ലാ സൗകര്യങ്ങളും അദ്ദേഹം തന്റെ വീട്ടിൽ ചെയ്തു കൊടുത്തു. ഓലയും എഴുത്താണിയും മണലുമായിരുന്നു അന്നത്തെ പഠനോപകരണങ്ങൾ . ക്രമേണ ഗ്രാമവാസികൾ കൂടുതൽ ഉൽബുദ്ധരാവുകയും പള്ളിക്കൂടത്തിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുകയും ചെയ്തു.

അങ്ങിനെ പലരുടെയും സഹായത്തോടെ ഒരു ചെറിയ ഓലമേഞ്ഞ കെട്ടിടം ഉണ്ടാക്കി. 1927ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ അംഗീകാരത്തോടെ 'കാവുന്താഴ ഗേൾസ് എലിമെന്ററി'സ്കൂൾ എന്ന പേരിൽ പ്രവർത്തനമാരംഭിച്ചു. ഇതാണ് പിന്നീട് കാവുന്താഴ എൽ പി സ്കൂളായി മാറിയത്.

കേരളപ്പിറവിക്ക് വളരെ മുമ്പേ ആരംഭിച്ച ഈ വിദ്യാലയം പിന്നീട് ദ്രുതഗതിയിൽ വളർച്ച നേടി. 1 മുതൽ 5 വരെ ക്ലാസുകളും ഡിവിഷനുകളും ഉണ്ടായി. പിന്നീട് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ കടന്നുകയറ്റത്തിൽ വീണ്ടും വിദ്യാലയം ക്ഷീണിച്ചു. സ്മാർട്ട് ക്ലാസ് മുറിയുടെ അഭാവവും ഭൗതിക സാഹചര്യങ്ങളുടെ കുറവും വിദ്യാലയം നേരിടുന്ന പ്രശ്നങ്ങളിൽ ചിലതാണ്. പ്രീ-പ്രൈമറി ഉൾപ്പെടെ ഏകദേശം 100 കുട്ടികളാണ് ഈ വിദ്യാലയത്തിൽ പഠിച്ചു വരുന്നത്. 1 മുതൽ 5 വരെ 6 അധ്യാപകരും പ്രീ-പ്രൈമറിയിൽ 2 പേരും ജോലി ചെയ്തു വരുന്നു.

നവതി ആഘോഷിച്ച ഈ വിദ്യാലയം കൂടുതൽ കരുത്തോടെ മുന്നേറാനുള്ള തയ്യാറെടുപ്പിലാണ്. ശക്തമായ പി ടി എ യും വിദ്യാലയ വികസന സമിതി പൂർവ്വവിദ്യാർത്ഥി സംഘടനയും എസ് എസ് ജി യും നിലവിൽ ഈ വിദ്യാലയത്തിനുണ്ട്. വിദ്യാലയ വികസന സമിതി എല്ലാ പ്രവർത്തങ്ങൾക്കും നേതൃത്വം നൽകി വരുന്നു. നാട്ടുകാരുടെ സഹകരണവും മാനേജ്മെന്റിന്റെ പൂർണ പിന്തുണയും ഉണ്ടായാൽ വിദ്യാലയം കൂടുതൽ അഭിവൃദ്ധി പ്രാപിക്കും. ഊർജസ്വലരായ അധ്യാപക കൂട്ടായ്മ ഈ വിദ്യാലയത്തിന്റെ പ്രത്യേകതയാണ്.

**കാഴ്ചപ്പാട്**

വിദ്യാലയത്തിൽ പ്രവേശനം നേടുന്ന മുഴുവൻ കുട്ടികളെയും അവർ നേടേണ്ട ശേഷികളിൽ എത്തിക്കുകയും വിദ്യാഭ്യാസം കൊണ്ട് നേടേണ്ട ജനാധിപത്യ മതേതര സാമൂഹ്യമൂല്യങ്ങൾ ആർജിക്കുന്നവരാക്കുകയും ചെയ്യുക. സമപ്രായക്കാരായ മറ്റേത് വിദ്യാർത്ഥികളോടും എല്ലാരംഗങ്ങളിലും കിടപിടിക്കാൻ പര്യാപ്തമായ രീതിയിൽ അവരെ പ്രാപ്തരാക്കുക.

കാലഘട്ടത്തിനനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് അതിനോടൊപ്പം സഞ്ചരിക്കാൻ അവരെ സജ്ജരാക്കുകയും ചെയ്യുക. മറ്റേത് വിദ്യാലയത്തേക്കാളും പൊതുവിദ്യാലയത്തിൽ പ്രവേശനം നേടിയാൽ തങ്ങളുടെ കുട്ടികൾ നിഖിത മേഖലകളിലും മുൻപന്തിയിൽ എത്തുമെന്ന വിശ്വാസവും പൊതുസമൂഹത്തിൽ സൃഷ്ടിക്കുകയും കുട്ടിയെ ആ രീതിയിൽ പര്യാപതമാക്കുകയും ചെയ്യുക.

വിദ്യാഭ്യാസം കൊണ്ട് കുട്ടികൾ നേടേണ്ട അക്കാദമിക ശേഷികളോടൊപ്പം അനുബന്ധമായി നേടേണ്ട കലകായിക ആരോഗ്യ മേഖലകളിലും മികവുള്ളവരാക്കി മാറ്റുക പരിസ്ഥിതി സംരക്ഷണ മനോഭാവം ചെറിയ പ്രായത്തിൽ തന്നെ കുട്ടികളിൽ വളർത്തിയെടുക്കുക, ജനാധിപത്യ മതേതര മൂല്യങ്ങൾ കുട്ടിക്കാലത്ത് തന്നെ മനസ്സിൽ ഉറപ്പിക്കുക.

പൊതു ലക്ഷ്യം

വിദ്യാഭ്യാസ വിക്ഷണരും ബന്ധപ്പെട്ട അതോറിറ്റിയും നിർദേശിക്കുന്ന വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ വിദ്യാർത്ഥികൾ ആർജ്ജിക്കുകയും ജനാധിപത്യ മതേതര മൂല്യങ്ങൾ ഉൾക്കൊള്ളുന്ന സമൂഹത്തിന്റെ സൃഷ്ടിപ്പിന് ആവശ്യമായ നവതലമുറയെ വാർത്തെടുക്കുകയും ചെയ്യുക.

കുടുംബ അയൽപക്ക സാമൂഹ്യബന്ധങ്ങൽ ദൃഢമാവുന്ന വിധം ആർദ്രതതയും പരസ്പര സ്നേഹവും കുട്ടികളിൽ വളർത്തിയെടുക്കുക.

കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കുക. മാലിന്യനിർമാർജന സ്വഭാവം ഉണ്ടാക്കിയെടുക്കുക, പിന്നോക്കക്കാരെ നേരത്തെ തന്നെ കണ്ടെത്തി മുന്നിലെത്തിക്കുക.പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് ആക്കി മാറ്റുക. പരിസ്ഥിതി സംരക്ഷണ കാഴ്ചപ്പാട് ചെറിയ പ്രായത്തിൽ തന്നെ കുട്ടികളിൽ ഉണ്ടാക്കുക. വായനാശീലം ഉണ്ടാക്കുക

# ഉപസംഹാരം

കാവുന്താഴ ഗ്രാമത്തിലെ ഏക പൊതുവിദ്യാലയമായ കാവുന്താഴ എൽ പി സ്കൂളിനെ നിലവിലുള്ളതിനേക്കാൾ മികവിലേക്കും പൂർണതയിലേക്കും നന്മയിലേക്കും ഉയർത്തണമെന്ന് ഞങ്ങൽ ആഗ്രഹിക്കുന്നു. ഇതുമായി ബന്ധപ്പെട്ട ചെറിയ പ്രവർത്തനങ്ങളാണ് ഇതിലൂടെ ഞങ്ങൾ ആഗ്രഹിക്കുന്നത്.

അധ്യാപകരുടെ കൂട്ടായ പ്രവർത്തനം ഇക്കാര്യത്തിൽ സുനിശ്ചിതമാണ്. ഒപ്പം മാനേജ്മെന്റിന്റെയും പി ടി എ , എം പി ടി എ, പൂർവ്വ വിദ്യാർത്ഥികൾ വിദ്യാലയ വികസനസമിതി എന്നിവരുടെയും വിരമിച്ച അധ്യാപകരുടെയും സഹായസഹകരണങ്ങളും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

പൊതു വിദ്യാലയം കരുത്തോടെ നിലനിൽക്കേണ്ടതാണ് ഇന്നിന്റെ അനിവാര്യതയാണ്. ഒപ്പം ഞങ്ങളും കൈകോർക്കുന്നു.

ZHA L. P. SCHOOL
Date
KOODALI

# സമഗ്ര ഗുണമേന്മാ പദ്ധതി

ഈ വർഷത്തെ പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന പദ്ധതിയിൽ ഒന്നാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി. നമ്മുടെ കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക എന്നതാണ് ഇതിൻറെ ലക്ഷ്യം.

# അക്കാദമിക പ്രവർത്തനങ്ങൾ

## മലയാളം

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | എഴുത്തിന്റെ ലോകം.<br><br>ലക്ഷ്യം; പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നിലെത്തിക്കാൻ | • അക്ഷരങ്ങൾ, ചിഹ്നങ്ങൾ അടങ്ങിയ സി.ഡി കാണിച്ച് പ്രവർത്തനങ്ങൾ രസകരമായി ചെയ്യുന്നു<br>• എൽ.സി.ഡി പ്രൊജക്ടറിൽ ചിത്രം കാണിച്ച് വാക്കുകൾ എഴുതൽ, കഥ പറയൽ, അടിക്കുറിപ്പ് തയ്യാറാക്കൽ, ചിത്രം നോക്കി കഥഎഴുതൽ എന്നിവ ചെയ്യിക്കുന്നു<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | 3 മാസം<br><br>1 വർഷം | സി.ഡി<br><br>കമ്പ്യൂട്ടർ | അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | | • ദിവസവും ഡയറി എഴുതി കൊണ്ടുവരുന്നു. വായിക്കുന്നു<br>• പത്രവായന ദിവസവും പത്രവാർത്ത തയ്യാറാക്കി അവതരിപ്പിക്കുന്നു | 1 വർഷം<br><br>1 വർഷം | പത്രം | പഞ്ചായത്ത് |
| | | • കയ്യെഴുത്ത് മാസിക: സ്വന്തം രചനകൾ ഉൾപ്പെടുത്തി കയ്യെഴുത്ത മാസിക തയ്യാറാക്കുന്നു<br>• കയ്യെഴുത്ത് മത്സരം ; ക്ലാസ്തല കയ്യെഴുത്ത് മത്സരം സംഘടിപ്പിക്കുന്നു<br>• കവിതാസ്വാദനം: കവിതകൾ വീഡിയോ, ഓഡിയോ കേൾപ്പിക്കാനവസരം നൽകുന്നു | 1 വർഷം<br><br>1 വർഷം | പേപ്പർ സ്കെച്ച്<br><br>പുസ്തകം<br>കമ്പ്യൂട്ടർ | അധ്യാപകർ<br><br>അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| 2 | വായനാ വസന്തം | • ക്ലാസ്തല വായനാ മത്സരം നടത്തുന്നു.<br>• അസംബ്ലിയിൽ ടി.ബി ,ഡയറി പത്രം വായി പ്പിക്കുന്നു. ആഴ്ച യിലൊരിക്കൽ കട്ടുരചന മത്സരം നട ത്തുന്നു.<br>• ആഴ്ചയിലൊരിക്കൽ കടങ്കഥാ മത്സരം സംഘടിപ്പിക്കുന്നു. പ്രശസ്തരായ കവിക ളുടെ ചിത്രം ശേഖ രിച്ച് ആൽബം തയ്യാ റാക്കുന്നു. കുറിപ്പെ ഴുതുന്നു | 1 വർഷം<br><br>1 വർഷം | പുസ്തകം<br><br>ലൈബ്രറി പുസ്ത കങ്ങൾ പത്രം<br><br>മാസികകൾ, പത്രം | അധ്യാപകർ<br><br>പഞ്ചായത്ത്<br><br>രക്ഷിതാക്കൾ |
| 3 | അക്ഷര ശ്ലോകം | • കവിതകൾ ശേഖരിച്ച് അക്ഷരശ്ലോക മത്സരം സംഘടിപ്പി ക്കുന്നു. | 1 വർഷം | ലൈബ്രറി പുസ്തകം | രക്ഷിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| 4 | കാവ്യകൂട്ടം | • പാഠഭാഗവുമായി ബന്ധപ്പെട്ട് കവിതാസ്വാദനം, കഥപറയൽ, ആങ്ങ്യപ്പാട്ട്, • കവിതാരചന, നാടൻപാട്ട് തുടങ്ങിയ ഇനങ്ങൾ നടത്തി വരുന്നു. ഇതുമായി ബന്ധപ്പെട്ട് വിദഗ്ധരായ അധ്യാപകരുടെ സേവനം ലഭ്യമാക്കുന്നു | 1 വർഷം<br>2 വർഷം | നാടക കലാകാരന്മാർ | എസ്.എസ്.ജി |
| 5 | നാടകാവതരണം | • പാഠവുമായി ബന്ധപ്പെട്ട് കുട്ടികൾ ടീച്ചറുടെ നിർദ്ദേശാനുസരണം നാടകം അവതരിപ്പിക്കുന്നു | | പാഠപുസ്തകം | അധ്യാപകർ |

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | പാട്ടരങ്ങ് | കുട്ടികവിതകൾ ഉൾകൊള്ളിച്ചു കൊണ്ട് കുട്ടികളിൽ കവിതാ വാസന വളർത്തുന്നതിന്. | 1 വർഷം | | അധ്യാപകർ |
| 2 | റീഡേർസ് തീയേറ്റർ | പാഠഭാഗത്തിലെ ചെറിയ ചെറിയ ഭാഗങ്ങൾ എടുത്ത് കുട്ടികളെ അക്ഷര സ്പുടതയോടെ വായിക്കാൻ പ്രേരിപ്പിക്കുന്നു.ഇതിലൂടെ കുട്ടികളിൽ വായനാ ശേഷി വളർത്തുന്നു. | 1 വർഷം | | അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| 3 | രചന പരിജയം | പുതിയ കവിതകൾ പരിജയപ്പെടുകയും, കവിതകൾക്ക് ആസ്വാദന കുറിപ്പ് തയ്യാറാക്കുവാനും ഉള്ള പ്രവർത്തനം.<br>ക്ലാസ്സ് ലൈബ്രറി യിലെ പുസ്തകങ്ങൾ വായിച്ച് വായന കുറിപ്പ് തയ്യാറാക്കൽ | 1 വർഷം | | അധ്യാപകർ |

ENGLISH.

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | മുന്നൊരുക്കം | ❖ ഐസിടിയിലൂടെ ഇംഗ്ലീഷ് അക്ഷര മാല ഉറപ്പിക്കുന്ന തരത്തിലുള്ള പ്രവർത്ത്നം ചിത്രങ്ങൾ കാണിച്ച് വാക്കുകൾ പറയിപ്പിക്കാൻ അവസരം നൽകുന്നു.<br>❖ അക്ഷരങ്ങൾ കൊണ്ടുവന്ന് കുട്ടികൾ ക്രമീകരിച്ച് വാക്കുകൾ ഉണ്ടാക്കുന്നു.<br>❖ ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 3 മാസം<br>1 വർഷം | കമ്പ്യൂട്ടർ<br>പുസ്തകങ്ങൾ, ചാർട്ട് | അധ്യാപകർ |
| 2 | ഇംഗ്ലീഷ് അസംബ്ലി | ❖ ദിവസവും അസംബ്ലിയിൽ ഇംഗ്ലീഷ് വാർത്ത അവതരിപ്പിക്കൽ<br>❖ ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുന്നു.<br>❖ മാസത്തിലൊരിക്കൽ ഇംഗ്ലീഷ് ഭാഷയിൽ നൈപുണ്യമുള്ളവരുടെ പ്രത്യേക ക്ലാസുകൾ | 1 വർഷം<br>1 വർഷം | പത്രം<br>ഭാഷാവിദഗ്ധർ | മാനേജർ<br>അധ്യാപകർ<br>മാനേജ്മെന്റ് |
| 4 | ഇംഗ്ലീഷ് കോർണർ | ❖ തനതായ ഇംഗ്ലീഷ് ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോ കാണാനും കേൾക്കാനും അവസരമൊരുക്കുന്നു.<br>❖ എൽ.സി.ഡിയുടെ സഹായത്തോടെ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വീഡിയോ, പാട്ടുകൾ, കഥകൾ, സംഭാഷണം, എന്നിവ കാണാനും കേൾക്കാനും | 2 വർഷം | റേഡിയോ കമ്പ്യൂട്ടർ | അധ്യാപകർ പൂർവ്വവിദ്യാർത്ഥികൾ |

| | | | | | |
|---|---|---|---|---|---|
| | | ❖ അവസരം ഒരുക്കുന്നു. ഇംഗ്ലീഷ് ഭാഷ അനായാസം സംസാരിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.<br>❖ ക്ലാസ്തലം വായനാമത്സരം നടത്തുന്നു. | ഒരുവർഷം | ലൈബ്രറി പുസ്തകങ്ങൾ | അധ്യാപകർ രക്ഷിതാക്കൾ |
| 5 | ഇംഗ്ലീഷ് ക്ലബ്ബ് | ❖ ഇംഗ്ലീഷ് ഭാഷാനൈപുണ്യം വികസിപ്പിക്കുന്നതിനായി ശ്രവണ ഭാഷണ, വായന, ലേഖന തലത്തിൽ പല വിധ പ്രവർത്തനങ്ങൾ നടത്തുന്നു. ഇംഗ്ലീഷ് സ്പീച്ച്, പദ്യപാരായണം, ആകാശവാണി പ്രവർത്തനങ്ങൾ നടത്തുന്നു. | 1 വർഷം | കംമ്പ്യൂട്ടർ | |
| 6 | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് | ❖ മാസത്തിൽ എല്ലാ ക്ലാസിലും ആശയവിനിമയശേഷി നേടുന്നതിനായി സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് കൊടുക്കുന്നു. | 1 വർഷം | | ഭാഷാ വിദഗ്ധൻ |
| 7 | ഇംഗ്ലീഷ് കൈയ്യെഴുത്ത് | ❖ ഇംഗ്ലീഷ് കൈയ്യെഴുത്ത് വികസിപ്പിക്കുന്നതിനായി മാസത്തിൽ കൈയ്യെഴുത്ത് മത്സരം നടത്തുന്നു. | 1 വർഷം | പേപ്പർ സ്കെച്ച് | അധ്യാപകൻ |

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ENGLISH ASSEMBLY | ആഴ്ച്ചയിൽ ഒരു ദിവസം ENGLISH ASSEMBLY നടത്താൻ തീരുമാനിച്ചു. | 1വർഷം | | അധ്യാപകർ |

## ഹിന്ദി

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | അക്ഷരമാല | • ഐ.സി.ടി യിലൂടെ ഹിന്ദി അക്ഷരമാല ഉറപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനം ചെയ്യുന്നു | 3 മാസം | കമ്പ്യൂട്ടർ | അധ്യാപകർ |
| | ഹിന്ദി കോർണർ | • ഹിന്ദി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഒരുക്കുന്നു | 6 മാസം | കമ്പ്യൂട്ടർ | അധ്യാപകർ |
| | ഹിന്ദി - ഒന്നിലും | • ഒന്നാം ക്ലാസു മുതൽ ഹിന്ദി പഠനം നടത്തുന്നു | 1 വർഷം | പി.ടി.എ | ക്ലാസ് അധ്യാപിക |

## അറബിക്ക്

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | അറബിക് തിളക്കം. ലക്ഷ്യം: പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നിലെത്തിക്കാനുള്ള പരിപാടി | • എഴുത്ത് വായന ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തുന്നു.<br>• അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസപ്പെടുന്നവർക്ക് ഐ.ടി സാധ്യത ഉപയോഗപ്പെടുത്തി രസകരമായി സഹായിക്കുന്നു.<br>• അധ്യാപകന്റെ നേതൃത്വത്തിൽ കുട്ടികൾ ഗെയിമിലൂടെ ആസ്വദിച്ച് അക്ഷരം പഠിക്കുന്നു. (ടാബ് ഉപയോഗിച്ച്) | 2 മാസം<br>നിശ്ചിത സമയം കൊണ്ട് അക്ഷരം ഉറക്കുന്നു | കമ്പ്യൂട്ടർ<br>ടാബ് | ബി.ആർ.സി<br>സഹപ്രവർത്തകർ |
| 2 | വായനാ ലോകം ലക്ഷ്യം: കുട്ടിയെ നല്ല വായനക്കാരനാക്കുക. കുട്ടിക്ക് വായനയിൽ താൽപര്യം ജനിപ്പിക്കുക | • ക്ലാസ് വായന.<br>എല്ലാ ദിവസവും പിരീഡിന്റെ ആദ്യ സമയത്ത് ഒരു കുട്ടി പുസ്തകത്തിന്റെ ഒരു പേജ് ഉറക്കെ വായിക്കുന്നു. | 1 വർഷം | പുസ്തകം<br>ക്ലാസ് ലൈബ്രറി | ഭാഷാസ്നേഹികൾ<br>സർക്കാർ ഫണ്ട് |

| | | | | | |
|---|---|---|---|---|---|
| | | ക്ലാസ് ലൈബ്രറിയിലെ പുസ്തക ശേഖരണത്തിൽ നിന്നുള്ള ചിത്രകഥ, കഥാപുസ്തകം, കുട്ടിക്കവിത എന്നിവ വായിക്കുന്നു | | | |
| 3 | അനുഭവലോകം | • തനതായ അറബിഭാഷ കേൾക്കനും ഉതകുന്ന വീഡിയോകൾ കേൾക്കാനും സൗകര്യം ചെയ്യുന്നു.<br>• എൽ.സി.ഡി പ്രൊജക്ടറിന്റെ സഹായത്തോടെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വീഡിയോകൾ പാട്ടുകൾ, കഥകൾ, സംഭാഷണങ്ങൾ കാണാനും കേൾക്കാനും, അനുഭവിക്കാനുമുള്ള അവസരം ഒരുക്കുന്നു | 6 മാസം | കമ്പ്യൂട്ടർ<br><br>എൽ.സി.ഡി | സഹപ്രവർത്തകർ |
| 4 | അറബിക് അസംബ്ലി | • 3 മാസത്തിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുന്നു. | 1 വർഷം | | വിഷയാധ്യാപകൻ |
| 5 | പദസമ്പത്ത് | • അറബിയിൽ പദസമ്പത്ത് വർദ്ധിപ്പിക്കൽ<br>• മാസത്തിലൊരിക്കൽ ക്ലാസിന്റെ അവസാന സമയത്ത് അധ്യാപകൻ പദപ്പയറ്റ് മത്സരം | 1 വർഷം. | | |

| | | | | | |
|---|---|---|---|---|---|
| | | നടത്തുന്നു | | | |
| 6 | ആസ്വാദനം | • പാടാനും പറയാനും കഴിവുള്ള മികച്ച കുട്ടികളെ കണ്ടെത്തി അവസരം (രണ്ടാഴ്ചയിൽ ഒരിക്കൽ നൽകുന്നു). ഇത് മറ്റ് കുട്ടികൾക്ക് കാണാനും കേൾക്കാനും അവസരം ഒരുക്കുന്നു | 1 വർഷം | സ്കൂൾ ഹാൾ | ബാലസഭ, വിദ്യാരംഗം, അറബിക് ക്ലബ്ബ് |
| | അറബിക് | • അറബിക് ഡേ (ഡിസംബർ 18) അല്ലെങ്കിൽ മറ്റു സൗകര്യപ്രദമായ ദിവസം സംഘടിപ്പിക്കുന്നു. | | സ്കൂൾ ഹാൾ | ഭാഷാ സ്നേഹികൾ പഠിതാക്കൾ പൂർവ്വ വിദ്യാർഥികൾ |

# പരിസരപഠനം

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | മുന്നൊരുക്കം | താഴ്ന്ന ക്ലാസുകളിലെ അടിസ്ഥാന ആശയങ്ങൾ പിന്നോക്കാവസ്ഥയുള്ള കുട്ടികളിൽ അവ പരിഹരിക്കാൻ അവസരം ഒരുക്കുന്നു. | 1 മാസം | | അധ്യാപകൻ |
| 2 | കുട്ടിയെ അറിയാം വീടറിയാം | മാസത്തിലൊരിക്കൽ ഓരോ കുട്ടിയുടെയും വീട് സന്ദർശിക്കുന്നു. | 1 വർഷം | | അധ്യാപകർ, രക്ഷിതാക്കൾ |
| 3 | നാടിനെ അറിയാം | വയലുകൾ, കുളങ്ങൾ, വായനശാല, പഞ്ചായത്ത് സന്ദർശിക്കുന്നു. | | വായനശാല പഞ്ചായത്ത് | |
| 4 | ദിനാചരണം | പരിസരപഠനവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ നടത്തുന്നു. (റാലികൾ, ഐ സി ടി പ്രദർശനം) | | | |
| 5 | ഔഷധത്തോട്ട നിർമാണം | സ്കൂളിനു സമീപം വിവിധ ഔഷധസസ്യങ്ങൾ നട്ടു പിടിപ്പിക്കുന്നു. അവയുടെ സംരക്ഷണം ഉറപ്പിക്കുന്നു. | 2 വർഷം | ഔഷധസസ്യങ്ങൾ | അധ്യാപകർ |
| 6 | പൂന്തോട്ട നിർമാണം | കുട്ടികളുടെ നേതൃത്വത്തിൽ പൂന്തോട്ടം നിർമിക്കുന്നു സംരക്ഷിക്കുന്നു. | 2 വർഷം | ചെടികൾ | മാനേജ്മെന്റ് |
| 7 | ക്വിസ് | ഓരോ ദിനാചരണവുമായി ബന്ധപ്പെട്ട ക്വിസ് സംഘടിപ്പിക്കുന്നു. തത്സമയം സമ്മാനം കൊടുക്കുന്നു | 1 വർഷം | പുസ്തകങ്ങൾ | പി.ടി.എ |
| 8 | തൊട്ടറിയാം | അന്യമാകുന്ന കാവുകൾ, കണ്ടൽക്കാടുകൾ, ഔഷധത്തോട്ടങ്ങൾ സന്ദർശനം നടത്തുകയും പ്രാധാന്യം ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. | | കാവുകൾ കണ്ടൽക്കാടുകൾ തോട്ടങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ |
| 9 | പച്ചക്കറി കൃഷി | സ്കൂളിനു സമീപം പച്ചക്കറി കൃഷി നടത്തുന്നു | 1 വർഷം | | കൃഷിഭവൻ മാനേജ്മെന്റ് |

# സാമൂഹ്യശാസ്ത്രം

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | സോഷ്യൽ സയൻസ് ഫെസ്റ്റ് | പാഠഭാഗത്തിലെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നു. | | | |
| 2 | ആൽബം | വ്യക്തിഗതമായിആൽബംതയ്യാറാക്കുന്നുചരിത്രസ്മാരകൾ, നാണയങ്ങൾ, | 1 വർഷം | ചിത്രങ്ങൾ നാണയങ്ങൾ | രക്ഷിതാക്കൾ |
| 3 | നാടിനെ അറിയാം | വായനശാല, പഞ്ചായത്ത്എന്നിവസന്ദർശിക്കുന്നു.വായനശാലയിൽഅംഗത്വംഎടുക്കുന്നു. | | വായനശാല പഞ്ചായത്ത് | പി.ടി.എ |
| 4 | അഭിമുഖം | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട വിദഗ്ധരെകൊണ്ടുവന്ന്അഭിമുഖങ്ങൾ സംഘടിപ്പിക്കുന്നു. | | വിദഗ്ധർ | എസ്.എസ്.ജി |
| 5 | പൂന്തോട്ടം നിർമാണം | കുട്ടികളുടെ നേതൃത്വത്തിൽ പൂന്തോട്ടം നിർമിക്കുന്നു. | 2 വർഷം | ചെടികൾ | മാനേജ്മെന്റ് |
| 6 | ക്വിസ് | ഓരോ ദിനാചരണവുമായി ബന്ധപ്പെട്ട ക്വിസ് സംഘടിപ്പിക്കുന്നു. തത്സമയം സമ്മാനം കൊടുക്കുന്നു. | 1 വർഷം | പുസ്തകങ്ങൾ | |
| 7 | തൊട്ടറിയാൻ | അന്യമാകുന്ന കാവുകൾ, കണ്ടൽക്കാടുകൾ, ഔഷധത്തോട്ടങ്ങൾ സന്ദർശനം നടത്തുകയും പ്രാധാന്യംബോധ്യപ്പെടുകയുംചെയ്യുന്നു. | | കാവുകൾ കണ്ടൽ ക്കാടുകൾ തോട്ടങ്ങൾ | പൂർവ്വവിദ്യാർഥികൾ |
| 8 | പച്ചക്കറികൃഷി | സ്കൂളിനു സമീപം പച്ചക്കറികൃഷി നടത്തുന്നു. | 1 വർഷം | | കൃഷിഭവൻ മാനേജ്മെന്റ് |

# ഗണിതം

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | സംഖ്യാലോകം | ❖ ഗണിതം ഐസിടി ഉപയോഗപ്പെടുത്തി ഗണിതം കൂടുതൽ ആസ്വാദ്യകരമാക്കുക<br>❖ സങ്കലന വസ്തുത ഗുണന വസ്തുത രൂപീകരിക്കുന്നു.ഉറപ്പിക്കുന്നു. (ഐ.സി.ടി ഉപയോഗിക്കുന്നു)<br>❖ ചതുഷ് ക്രിയകൾ ഉറപ്പിക്കുന്നു<br>❖ ഗണിത കളികൾ നൽകുന്നു.<br>❖ ഗണിത ക്വിസുകൾ നടത്തുന്നു. | | കമ്പ്യൂട്ടർ | |
| 2 | ഗണിതമൂല | ❖ ഗണിത പഠനോപകരണങ്ങൾ നിർമ്മിക്കുന്നു, ശേഖരിക്കുന്നു | 1 വർഷം | നിർമാണവസ്തുക്കൾ | പി.ടി.എ |
| 3 | ശാസ്ത്രജ്ഞരെ അറിയാം | ❖ ഗണിത ശാസ്തരജ്ഞന്മാരുടെ ചിത്രങ്ങൾ ശേഖരിക്കുന്നു .കുറിപ്പ്തയ്യാറാക്കുന്നു. | | | |
| 4 | പ്രഗൽഭരുടെ ക്ലാസ് | ❖ ഗണിതശാസ്ത്രത്തിൽ വിദഗ്ധരുടെ ക്ലാസ് സംഘടിപ്പിക്കുന്നു. | | വിദഗ്ധർ | പി.ടി.എ |
| 5 | ഗണിത പ്രദർശനം | ❖ ഗണിത ഉപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം സംഘടിപ്പിക്കുന്നു. | | നിർമ്മാണ സാമഗ്രികൾ | രക്ഷിതാക്കൾ അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| 6 | പാറ്റേൺ നിർമ്മാണം | ❖ സംഖ്യാപാറ്റേണുകൾ, ചിത്ര പാറ്റേണുകൾ എന്നിവ കുട്ടികൾ എഴുതിയും വരച്ചും പതിപ്പുകൾ ഉണ്ടാക്കുന്നു. | | | |
| 7 | ഗണിതമൂല | ❖ ഗണിതോപകരണങ്ങൾ പരിചയപ്പെടുകയും നിർമ്മിക്കുകയും ചെയ്യുന്നു.<br>❖ പഴയ നാണയങ്ങൾ, നോട്ടുകൾ, കളിനോട്ടുകൾ എന്നിവ ശേഖരിക്കുന്നു.<br>❖ അളവു പാത്രങ്ങൾ, തൂക്കക്കട്ടികൾ എന്നിവ ശേഖരിക്കുന്നു.<br>❖ മണിച്ചട്ടം, മഞ്ചാടി, ഈർക്കിലുകൾ എന്നിവ ശേഖരിക്കുന്നു. | | വസ്തുക്കൾ | |
| 8 | സമയംഅറിയാം | ❖മൂന്ന്,നാല്,അഞ്ച്, ക്ലാസിലെ മുഴുവൻ കുട്ടികളും ക്ലോക്കിന്റെ മാതൃക നിർമ്മിക്കുകയും സമയം മനസിലാക്കുകയും ചെയ്യുന്നു. | | നിർമ്മാണ സാമഗ്രികൾ | രക്ഷിതാക്കൾ അധ്യാപകർ |

# കലാപഠനം

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ചിത്ര രചനാ മത്സരം | • ക്ലാസ് തലത്തിൽ ചിത്രരചനാമത്സരം നടത്തുന്നു. മാസത്തിലൊരിക്കൽ സ്കൂൾ തലത്തിലും | 1 വർഷം | പേപ്പർ ക്രയോൺസ് | അധ്യാപകർ |
| 2 | പ്രഗൽഭരുടെ ക്ലാസ് | • ചിത്രകാരന്മാരെ വരുത്തി താൽപര്യമുള്ളവരെ പങ്കെടുപ്പിക്കുന്നു | 2 വർഷം | വിദഗ്ധർ | പി.ടി.എ |
| 3 | ചിത്രകാരന്മാരെ അറിയാം | • സി.ഡി, ചിത്രം ഉപയോഗിച്ച് ചിത്രകാരന്മാരെ പരിചയപ്പെടുത്തി അവരുടെ പ്രശസ്തമായ രചനകൾ പരിചയപ്പെടുത്തുന്നു | 3 മാസം | ചിത്രങ്ങൾ, സി.ഡി | അധ്യാപകർ |
| 4 | സംഗീതം | • ഗാനാലാപന മത്സരം കുട്ടികൾക്കും രക്ഷിതാക്കൾക്കും സംഘടിപ്പിക്കുന്നു | 1 വർഷം | സി.ഡി | രക്ഷിതാക്കൾ |
| 5 | നൃത്തം | • പാട്ട് കൊടുത്ത് കുട്ടികളെ കൊണ്ട് നൃത്താവിഷ്കരണം | 1 വർഷം | | അധ്യാപകർ |
| 6 | നാടകം | • വാർഷികാഘോഷത്തിന് നാടകം നടത്തുന്നു | 1 വർഷം | | രക്ഷിതാക്കൾ, അധ്യാപകർ |

# പ്രവത്തിപരിചയം

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | പ്രഗൽഭരുടെ ക്ലാസ് | • പ്രവൃത്തി പരിചയവുമായി ബന്ധപ്പെട്ട് പ്രഗൽഭരുടെ ക്ലാസ് സ്കൂളിൽ ഒരുക്കുന്നു.<br>• സബ്ജില്ലാതല ശാസ്ത്ര മേളയിലേക്ക് കുട്ടികളെ ഒരുക്കുന്നു | | വിദഗ്ധർ | |
| 2 | പ്രദർശനം | • പ്രവൃത്തി പരിചയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു പ്രദർശനം നടത്തുന്നു. | | നിർമാണ ഉപകരണങ്ങൾ | |

# ആരോഗ്യ കായികവിദ്യാഭ്യാസം

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
| --- | --- | --- | --- | --- | --- |
| | | • പഞ്ചായത്ത് തല കായിക മത്സരത്തിലേക്ക് കുട്ടികളെ ഒരുക്കൽ<br>• യോഗ പഠിപ്പിക്കുന്നു<br>• മാസ്ഡ്രിൽ പഠിപ്പിക്കുന്നു<br>• പ്രഥമ ശുശ്രൂഷ ക്ലാസ് ഒരുക്കുന്നു<br>• കളി ഉപകരണം പ്രദർശനം നടത്തുന്നു | | വിദഗ്ദർ<br>വിദഗ്ദർ<br>ഉപകരണങ്ങൾ | പി.എച്ച്.സി<br>പൂർവ്വ വിദ്യാർഥികൾ |

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | സൂമ്പ ഡാൻസ് | കുട്ടികളിലെ ആരോഗ്യ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ടി | 1വർഷം | | അധ്യാപകർ |

# പൊതുകാര്യങ്ങൾ

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | ❖ മത്സരപരീക്ഷകളിലും ക്വിസ് മത്സരങ്ങളിലും മികച്ച വിജയം കരസ്ഥമാക്കുക | 2 വർഷം | | അധ്യാപകർ |
| | | ❖ എല്ലാ ദിവസവും ക്ലാസിൽ പത്രവായന | 6 മാസം | പത്രം | അധ്യാപകർ |
| | | ❖ ക്ലാസിൽ ദിവസവും വാർത്താ വിശകലനവും ചർച്ചയും | 2 വർഷം | പത്രം | |
| | | ❖ സ്കൂൾതല വാരാന്ത്യ ക്വിസ് നടത്തുന്നു. | 2 വർഷം | | |
| | | ❖ എല്ലാ ആഴ്ചയും ക്ലാസ്തല ക്വിസ് നടത്തുന്നു. | 2 വർഷം | | |
| | | ❖ എല്ലാ മാസവും സ്കൂൾ തല ക്വിസ് | | | |
| | | ❖ വർഷാവസാനം മെഗാക്വിസ് നടത്തുന്നു | 2 വർഷം | | |
| | | ❖ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ ക്ലബ്ബ് വാർത്താ ബോർഡിൽ പ്രദർശിപ്പിക്കുന്നു. | 1 വർഷം | പത്രം<br>ചിത്രങ്ങൾ | അധ്യാപകർ |
| | | ❖ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ചുമർ പത്രങ്ങൾ തയ്യാറാക്കൽ | 1 വർഷം | ചുമർപത്രങ്ങൾ | |
| | | ❖ മൂന്ന് മാസം കൂടുമ്പോൾ രക്ഷിതാക്കൾക്ക് 50 തുറന്ന ക്വിസ് | 2 വർഷം | | |
| | | ❖ എല്ലാ പാഠങ്ങളുമായി ബന്ധപ്പെട്ട് എൽ എസ് എസ് നിലവാരത്തിലുള്ള പ്രവർത്തനങ്ങളും തയ്യാറാക്കൽ | 1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| | | ❖ എൽ എസ് മോഡൽ പരീക്ഷ നടത്തുന്നു.<br>❖ പ്രസംഗ പരിശീലനം സംഘടിപ്പിക്കുന്നു<br>❖ രക്ഷിതാക്കൾക്കുള്ള മോട്ടിവേഷൻ ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>❖ എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറികൾ സ്ഥാപിക്കുന്നു . | 1 വർഷം<br>2 വർഷം<br>2 വർഷം | | അധ്യാപകർ<br>SSG<br>SSA<br>PTA |

- ട്രാഫിക് നിയമങ്ങളെപ്പറ്റിയും, റോഡ് സുരക്ഷയെപ്പറ്റിയും കുട്ടികളെ ബോധവാനാക്കുക.
- ലഹരിയുടെ ദൂഷ്യഫലങ്ങളെപറ്റി കുട്ടികളെ ബോധവൽക്കരിക്കുക.

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
| --- | --- | --- | --- | --- | --- |
| 1 | ഈ സാങ്കേതിക വിദ്യാ സൗഹൃദ ക്ലാസ് | • പാഠഭാഗത്തിലെ പ്രവർത്തനങ്ങൾ ഡിജിറ്റലൈസ് ചെയ്ത് കാണിക്കുക<br>• പ്രസൻറ്റേഷൻ സോഫ്റ്റ് വെയറിലൂടെ കുട്ടികളെ പാഠഭാഗത്തെ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുക | 1വർഷം | | അധ്യാപകർ |